"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജയിലുകൾ - ശ്രീ.കണ്ണൻ എസ്.ജെ., അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, സെൻട്രൽ ജയിൽ, തിരുവനന്തപുരം - പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**ആഭ്യന്തര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.176/2026/HOME തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-
1. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 29.05.2020 തീയതിയിലെ KLR 4-1/1/2019/KPSC നമ്പർ നിയമന ശിപാർശ.
2. ജയിലാസ്ഥാനകാര്യാലയത്തിലെ 01.11.2020 തീയതിയിലെ ഇ5/13932/2020/പി.ആർ.എച്ച്.ക്യൂ നമ്പർ ഉത്തരവ്.
3. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 29.12.2025 തീയതിയിലെ കെ.പി.സി.എസ്./8740/2025 – ഇ5 നമ്പർ നടപടിക്രമം.
4. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 29.12.2025 തീയതിയിലെ കെ.പി.സി.എസ്./8740/2025 - ഇ5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ.കണ്ണൻ എസ്.ജെ., കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരാമർശം (1) നിയമന ശിപാർശയുടെയും ജയിലാസ്ഥാന കാര്യാലയത്തിലെ പരാമർശം (2) ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 09.07.2020 തീയതിയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ ജയിൽവകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. സർവ്വീസിൽ പ്രവേശിച്ച് തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷമാണ് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ കാലയളവ്. ഈ കാലയളവിൽ ഇദ്ദേഹം പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ല. എന്നാൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ജോലി ലഭിച്ചതിനെ തുടർന്ന് ഇദ്ദേഹം 17.07.2022 -ൽ ജയിൽ വകുപ്പിൽ നിന്നും

വിടുതൽ ചെയ്യുകയും പിന്നീട് **04.05.2023** തീയതിയിൽ ജയിൽ വകുപ്പിൽ തിരികെ പ്രവേശിക്കുകയുമുണ്ടായി. അപ്രകാരം **09.07.2020** തീയതിയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.കണ്ണൻ എസ്.ജെ., സർവ്വീസിൽ **2** വർഷം പൂർത്തിയാക്കുന്നത് **08.07.2022** തീയതിയിലാണ്. ശ്രീ.കണ്ണൻ എസ്.ജെ., പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ വകുപ്പ് തല പരീക്ഷകൾ **2024** ജൂലൈ മാസത്തിൽ നടത്തിയ പരീക്ഷയിലൂടെ പാസായിട്ടുണ്ടെന്നും അവസാനമായി പരീക്ഷയിൽ പങ്കെടുത്ത തീയതി **21.10.2024** ആണെന്നും ഈ നോട്ടിഫിക്കേഷനിൽ നടന്ന അവസാന പരീക്ഷയുടെ തീയതി **25.11.2024** ആണെന്നും ഇദ്ദേഹത്തിന്റെ സേവനവും ജയിലിലെ പെരുമാറ്റവും തൃപ്തികരമാണെന്നും പരാമർശം **(4)** പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.കണ്ണൻ എസ്.ജെ.-യുടെ പ്രൊബേഷൻ കാലയളവ് **09.07.2022** മുതൽ **08.07.2023** വരെ വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് പരാമർശം **(3)** പ്രകാരം ഉത്തരവായിട്ടുണ്ട്. വകുപ്പുതലപരീക്ഷ പാസായിട്ടുള്ള സാഹചര്യത്തിൽ, ഇദ്ദേഹത്തിന്റെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ **26.11.2024** പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനു വേണ്ടി പ്രൊബേഷൻ കാലയളവ് **09.07.2023** മുതൽ **27.11.2024** വരെ ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശം **(4)** പ്രകാരം പ്രിസൺസ് **&** കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീ.കണ്ണൻ എസ്.ജെ.-യുടെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ **26.11.2024** പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്ക് സാധിക്കുമാറ്, പ്രൊബേഷൻ കാലയളവ്, കെ.എസ് **&** എസ്.എസ്.ആർ ഭാഗം **II** ചട്ടം **21** പ്രകാരം, **09.07.2023** മുതൽ **27.11.2024** വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജീഷ് ബി ഗോപൻ
അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് **&** കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം.(സർവ്വീസ് ബുക്ക് സഹിതം).

ശ്രീ.കണ്ണൻ എസ്.ജെ. (പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Amina B
Date: 15-01-2026 23:09:34
സെക്ഷൻ ഓഫീസർ